## കേരള സർക്കാർ

### സംഗ്രഹം

ധനകാര്യ വകുപ്പ്- കാരുണ്യ ബെനവലന്റ് ഫണ്ട് ധനസഹായം നിക്ഷേപിക്കുന്നതിനായി വിവധ സർക്കാർ ആശുപത്രികളിലെ സൂപ്രണ്ട്/DDO മാരുടെ പേരിൽ ബന്ധപ്പെട്ട ട്രഷറികളിൽ ഓരോ പലിശ രഹിത ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

### ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

**സ.ഉ. (സാധാ) നം.4258/2018/ധന.** തിരുവനന്തപുരം, തീയതി **17/05/2018**

പരാമർശം -
1. 06.04.2018 തീയതിയിലെ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ അഡ്മിനിസ്ട്രേറ്ററുടെ കത്ത് നം. KBF/B/2829/2015
2. ഭരണവകുപ്പ് ഫയൽ നം. TAXES-H1/101/2018-TAXES computer no.809817

### ഉത്തരവ്

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം സർക്കാർ ആശുപത്രികൾക്ക് അനുവദിക്കുന്ന തുക നിക്ഷേപിക്കുന്നതിന് ആശുപത്രികളിൽ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനും ആശുപത്രികളിലെ കെ.ബി.എഫ്. ജോലികൾക്കായി നിയമിച്ച താത്കാലിക ജീവനക്കാർക്കുള്ള ശമ്പളം തുടങ്ങി ഭരണപരമായ ചെലവുകൾ ടി ട്രഷറി അക്കൗണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുമുള്ള തീരുമാനം കെ.ബി.എഫിന്റെ മുപ്പത്തിമൂന്നാമതു സംസ്ഥാനതല കമ്മിറ്റിയിൽ എടുത്തിരുന്നുവെന്ന് പരാമർശം 1 പ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റർ അറിയിച്ചിരിക്കുന്നു. കെ.ബി.എഫ്.പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ സർക്കാർ ആശുപത്രികളും, ടി പദ്ധതിയിൽ അനുവദിക്കപ്പെടുന്ന തുക നിക്ഷേപിക്കുന്നതിന് ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന 05-03-2018-ലെ കെ.ബിഎഫ് യോഗ തീരുമാനം സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യത്തിൽ ഭരണവകുപ്പ് പരാമർശ ഫയലിൽ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കാരുണ്യ ബെനവലന്റ് ഫണ്ട് ധനസഹായം നിക്ഷേപിക്കുന്നതിനായി എല്ലാ താലൂക്ക് ആശുപത്രികൾ/ജില്ലാ ആശുപത്രികൾ/ ജനറൽ ആശുപത്രികൾ/മെഡിക്കൽ കോളേജ് ആശുപത്രികൾ, വയനാട് നല്ലൂർ നാടിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (ട്രൈബൽ ആശുപത്രി), റീജിയണൽ ക്യാൻസർ സെൻറർ, ശ്രീചിത്ര ആശുപത്രി, മലബാർ ക്യാൻസർ സെൻറർ എന്നിവയിലും, പരിയാരം സഹകരണ ആശുപത്രി, കൊച്ചിൻ ക്യാൻസർ സെന്റർ, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ എന്നിവയിൽ (*ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഇല്ലാത്തവയിൽ*) മേൽ സൂചിപ്പിച്ച ആവശ്യത്തിനുവേണ്ടി മേൽ ആശുപത്രികളിലെ സൂപ്രണ്ട്/ഡിഡിഒ-മാരുടെ പേരിൽ ബന്ധപ്പെട്ട ട്രഷറികളിൽ ഓരോ പലിശ രഹിത ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ)കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
അഡ്മിനിസ്ട്രേറ്റർ, കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി
നികുതി വകുപ്പ് (e-file No: TAXES-H1/101/2018-TAXES computer no.809817 പ്രകാരം)
ധനകാര്യ (Exp-B) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ